ഭൂമി വിൽപ്പന

217(1286) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂമി വിൽപ്പന വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഭൂമി വിൽപ്പന നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പുമായി ചേർന്ന് നടത്തുന്ന ഓൺലൈൻ സേവനങ്ങൾ എന്തെല്ലാം; സേവനങ്ങളെല്ലാം ഓൺലൈൻ മുഖേനയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഓരോ വർഷവും ഭൂമി രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരികയാണ്. സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഭൂമി രജിസ്ട്രേഷന് ഒരു സുപ്രധാന പങ്കുണ്ട്. ഭൂമി വിൽപ്പന നിയന്ത്രിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി RELIS (Revenue Land Information System) സംവിധാനം പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഒട്ടാകെ നിലവിൽ 250 സബ് രജിസ്ട്രാർ ആഫീസുകൾ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്വെയർ ആയ "ഓപ്പൺ പോൾ" മുഖാന്തിരം ആധാര രജിസ്ട്രേഷന് മുന്നോടിയായി ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ആധാര രജിസ്ട്രേഷന്റെ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ ലഭ്യമാക്കാൻ കഴിയും. ബാദ്ധ്യതാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പ്, പ്രത്യേക വിവാഹത്തിനുള്ള അപേക്ഷ സമർപ്പിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ പണയാധാരങ്ങളുടെ (ഗഹാൻ/ഗഹാൻ റിലീസ്) വിവരങ്ങൾ സമർപ്പിക്കുന്ന നടപടിയും ഓൺലൈൻ സംവിധാനത്തിൽ ടി ആഫീസുകളിൽ കൈകാര്യം ചെയ്യുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സിഗ്നേച്ചർ മുഖാന്തരം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ആഫീസുകളും ഓൺലൈൻ സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം

218(1287) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ആയി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ രജിസ്ട്രാർ ഓഫീസിലും നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇവ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; സംവിധാനത്തിന്റെ കാര്യക്ഷമത സംബന്ധിച്ച് ഏതെങ്കിലും, പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഇതിനകം എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തു;

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) നിലവിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര വിവരങ്ങൾ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly